ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.05.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1.) ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്ക് പിന്തുണ പ്രഖ്യാപിച്ച് റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുടിൻ ; സംഘർഷ സാധ്യതയുടെ പശ്ചാത്തലത്തിൽ മോക്ഡ്രിൽ നടത്താൻ സംസ്ഥാനങ്ങൾക്ക് കേന്ദ്ര നിർദേശം.

**Russian President Vladimir Putin expresses support for India in the fight against terrorism; Centre directs states to conduct mock drills in view of potential conflict.**

2.) മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ പോലീസിന്റെ കാര്യക്ഷമതയും ഉത്തരവാദിത്തവും വർദ്ധിപ്പിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

**Union Home Minister Amit Shah says three new criminal laws will enhance efficiency and accountability of the police force.**

3.) പൂരാവേശത്തിൽ തൃശൂർ ; ഘടകപൂരങ്ങൾ വടക്കുംനാഥ ക്ഷേത്രത്തിലേക്ക്; ദൃശ്യവിസ്മയങ്ങളുടെ കുടമാറ്റം വൈകീട്ട്.

**Thrissur Pooram Today; Ghadaka Poorams to arrive Vathakumnatha temple; The visual wonder of Kudamatam in the evening.**

4.) സംസ്ഥാനത്ത് 600 കോടി രൂപ ചിലവിൽ മൂന്ന് സയൻസ് പാർക്കുകൾ സ്ഥാപിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

**Chief Minister Pinarayi Vijayan says three science parks will be set up in the state at a cost of Rs 600 crore.**

5.) **ഖേലോ ഇന്ത്യ, യൂത്ത് ഗെയിംസിൽ ഒമ്പത് മെഡലുകളുമായി കർണാടക മെഡൽ പട്ടികയിൽ ഒന്നാം സ്ഥാനത്ത്.**

**Karnataka tops the medal table with nine medals in the Khelo India Youth Games.**

*******************************

## PRESIDENT VLADIMIR PUTIN

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും റഷ്യൻ പ്രസിഡൻറ് വ്ലാദിമിർ പുടിനും തമ്മിൽ ചർച്ച നടത്തി. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്ക് പിന്തുണ പ്രഖ്യാപിച്ച പുടിൻ, പ്രധാനമന്ത്രിയുമായി ഫോണിൽ വിശദമായി സംസാരിച്ചു. വിഷയത്തിൽ ഇന്ത്യക്ക് എല്ലാ പിന്തുണയും പുടിൻ വാഗ്ദാനം ചെയ്തു. ഹീനമായ ആക്രമണത്തിന് പിന്നിലെ കുറ്റവാളികളെയും അതിനെ പിന്തുണയ്ക്കുന്നവരെയും നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്ന് പുടിൻ ആവശ്യപ്പെട്ടു. ഇന്ത്യ-റഷ്യ തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കാനുള്ള പ്രതിജ്ഞാബദ്ധത ഇരു നേതാക്കളും ആവർത്തിച്ചതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ഇന്ത്യ സന്ദർശിക്കാനുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ക്ഷണവും വ്ളാദിമിർ പുടിൻ സ്വീകരിച്ചു. വർഷാവസാനം നടക്കുന്ന വാർഷിക ഉച്ചകോടിയിലേക്കാണ് പുടിനെ ക്ഷണിച്ചത്.

*******************************

## HOME- CIVIL DEFENCE

രാജ്യത്തെ സിവിൽ ഡിഫൻസ് തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിനായി നാളെ മോക്ക് ഡ്രില്ലുകൾ നടത്താൻ സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും കേന്ദ്ര

ആഭ്യന്തര മന്ത്രാലയം ആവശ്യപ്പെട്ടു. രാജ്യത്തെ 244 സിവിൽ ഡിഫൻസ് ജില്ലകളിലാണ് പ്രാദേശിക പ്രതിരോധ സേനകളുടെ അഭ്യാസങ്ങളും മോക് ഡ്രില്ലുകളും സംഘടിപ്പിക്കാൻ മന്ത്രാലയം തീരുമാനിച്ചത്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ ഇന്ന് സംസ്ഥാന ചീഫ് സെക്രട്ടറിമാരുമായി യോഗം ചേരും. വ്യോമാക്രമണ മുന്നറിയിപ്പ് സംവിധാനങ്ങളുടെ പ്രവർത്തനം, വ്യോമസേനയുമായുള്ള ആശയവിനിമയ സംവിധാനങ്ങൾ, കൺട്രോൾ റൂമുകളുടെ പ്രവർത്തനക്ഷമത എന്നിവ പരിശോധിക്കുന്നതിനാണ് മോക് ഡ്രിൽ സംഘടിപ്പിച്ചിരിക്കുന്നത്.

*******************************

## COMBAT FIRING

കടലിൽ കോംബാറ്റ് ഫയറിങ് നടത്തി ഡിആർഡിഒയും നാവിക സേനയും. സമുദ്ര പ്രതിരോധത്തിന് കരുത്ത് പകരുന്ന, തദ്ദേശീയമായി വികസിപ്പിച്ച, മൾട്ടി ഇൻഫ്ലുവൻസ് ഗ്രൗണ്ട് മൈനാണ് പരീക്ഷിച്ചത്. ശത്രുരാജ്യങ്ങളിൽ നിന്ന് മുങ്ങികപ്പലുകൾ ഉൾപ്പെടെ രാജ്യപരിധിയിലേക്ക് കടക്കുന്നത് തടയാൻ ഗ്രൗണ്ട് മൈൻ പ്രയോജനപ്പെടും. ഇന്ത്യയുടെ സമുദ്രാതിർത്തി സംരക്ഷിക്കുന്നതിന് പുതിയ പരീക്ഷണം കൂടുതൽ കരുത്ത് പകരും. തദ്ദേശീയമായി മൈൻ വികസിപ്പിച്ചെടുത്ത ഡിആർഡിഒയെ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് അഭിനന്ദിച്ചു.

*******************************

## UNSC-MEETING INDO-PAK

പഹൽഗാം ഭീകരാക്രമണത്തിന് ശേഷം ഇന്ത്യക്കും പാകിസ്ഥാനുമിടയിൽ നിലനിൽക്കുന്ന സംഘർഷ സാഹചര്യം ചർച്ച ചെയ്യാനുള്ള ഐക്യരാഷ്ട്ര സുരക്ഷാ സമിതിയുടെ യോഗം തുടങ്ങി. വിഷയത്തിന്റെ രഹസ്യാത്മകത സൂക്ഷിച്ചുകൊണ്ട് ചർച്ച വേണമെന്ന യു എന്നിലെ 15-ാമത്തെ താത്കാലിക അംഗമായ പാകിസ്ഥാന്റെ ആവശ്യപ്രകാരമാണ് യോഗം. മെയ് മാസത്തിൽ

ഗ്രീസാണ് സുരക്ഷാ സമിതിയുടെ അധ്യക്ഷത വഹിക്കുന്നത്. സമിതി ചേംബറിന് സമീപമുള്ള മുറിയിലാണ് യോഗം.

*******************************

## CBI- MEETING

സി.ബി.ഐ-യുടെ പുതിയ ഡയറക്ടറെ നിയമിക്കാനുള്ള സമിതിയുടെ യോഗം പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്നു. ന്യൂഡൽഹിയിൽ പ്രധാനമന്ത്രിയുടെ ഓഫീസിലായിരുന്നു യോഗം. സുപ്രീംകോടതി ചീഫ് ജസ്റ്റിസ് സഞ്ജയ് ഖന്ന, ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. നിലവിലെ സി ബി ഐ ഡയറക്ടർ പ്രവീൺ സൂദിന്റെ രണ്ട് വർഷം കാലാവധി ഈ മാസം 25 ന് അവസാനിക്കുകയാണ്. പ്രധാനമന്ത്രിയുടെ നേതൃത്വത്തിലുള്ള മൂന്നംഗ സമിതിയാണ് സി.ബി.ഐ ഡയറക്ടറെ ശുപാർശ ചെയ്യുന്നത്.

*******************************

## THRISSUR POORAM............. INTRO

ഇന്നാണ് വിശ്വപ്രസിദ്ധമായ തൃശൂർ പൂരം. താളമേള വർണ്ണ വിസ്മയങ്ങൾക്ക് കാത്തിരുന്ന ജനലക്ഷങ്ങൾ ഇന്ന് ശക്തന്റെ മണ്ണിലേക്ക് ഒഴുകിയെത്തുകയാണ്.

(മ്യൂസിക്)

പൂരദിവസത്തെ ചടങ്ങുകൾക്ക് തുടക്കമാകാൻ ഇനി നിമിഷങ്ങൾ മാത്രം ബാക്കി. കനത്ത സുരക്ഷ ക്രമീകരണങ്ങളാണ് നഗരത്തിൽ ഏർപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്....

(വോയ്സ്)

*******************************

## CM - PALAKKAD

സംസ്ഥാനത്ത് 600 കോടി രൂപ ചിലവിൽ മൂന്ന് സയൻസ് പാർക്കുകൾ യാഥാർഥ്യമാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സർക്കാറിന്റെ നാലാം വാർഷികാഘോഷത്തോട് അനുബന്ധിച്ച് പാലക്കാട് സംഘടിപ്പിച്ച ജില്ലാ തല യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. സംസ്ഥാനത്തിന്റെ വളർച്ചയുടെ പ്രധാന തെളിവാണ് വിഴിഞ്ഞം തുറമുഖമെന്നും മുഖ്യമന്ത്രി പറഞ്ഞു.

*******************************

## CM - ALAPPUZHA MEETING

രണ്ടാം പിണറായി വിജയൻ മന്ത്രിസഭയുടെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കുന്ന ആലപ്പുഴ ജില്ലാതല യോഗം ഇന്ന് രാവിലെ 10.30 ന് പാതിരപ്പള്ളി കാമിലോട്ട് കൺവെൻഷൻ സെന്ററിൽ നടക്കും. ജില്ലാതല യോഗത്തിൽ ക്ഷണിക്കപ്പെട്ട 500 വ്യക്തികൾ പങ്കെടുക്കും. വൈകിട്ട് 4ന് ആലപ്പുഴ കടപ്പുറത്ത് നടക്കുന്ന എൽഡിഎഫ് റാലിയിലും മുഖ്യമന്ത്രി പങ്കെടുക്കും .

*******************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും......

*******************************

## UNION HOME MINISTER

മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ നിലവിൽ വന്നതോടെ പോലീസിന്റെ കാര്യക്ഷമതയും ഉത്തരവാദിത്തവും വർദ്ധിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ദേശീയ തലസ്ഥാനമായ ഡൽഹിയിൽ പുതിയ നിയമങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ലെഫ്റ്റനന്റ് ഗവർണർ വിനയ് കുമാർ സക്സേനയും

മുഖ്യമന്ത്രി രേഖ ഗുപ്തയും യോഗത്തിൽ പങ്കെടുത്തു. അറുപത് മുതൽ തൊണ്ണൂറ് ദിവസത്തിനകം കുറ്റപത്രം സമർപ്പിക്കുന്നതിനുള്ള സമയപരിധി കർശനമായി പാലിക്കണമെന്ന് ആഭ്യന്തര മന്ത്രി നിർദ്ദേശിച്ചു. ഹീനമായ കുറ്റകൃത്യങ്ങളുടെ ശിക്ഷാ നിരക്ക് കുറഞ്ഞത് 20 ശതമാനമെങ്കിലും വർദ്ധിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

*******************************

## NIRMALA SITHARAMAN – INTRO

ഇന്ത്യൻ പ്രവാസി സമൂഹം രാജ്യത്തിനെന്നും അഭിമാനമാണെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതരാമൻ. ഇറ്റലിയിലെ മിലാനിൽ ഇന്ത്യൻ പ്രവാസികളെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. മുൻ കാലങ്ങളിൽ ഇന്ത്യയിലുണ്ടായിരുന്ന സർക്കാരുകൾക്ക് ചെയ്യാൻ സാധിക്കാത്ത കാര്യങ്ങളാണ് നിലവിൽ ജനങ്ങൾക്കായ് ലഭ്യമാക്കുന്നത്. യാതൊരു വേർതിരിവുമില്ലാതെ എല്ലാവർക്കും അർഹമായവ എത്തിക്കുന്നതിനാണ് കഴിഞ്ഞ 10 വർഷങ്ങളിൽ പ്രഥമ പരിഗണന നൽകിയതെന്നും ശ്രീമതി നിർമ്മല സീതാരാമൻ വ്യക്തമാക്കി.

**(VOICE)**

ഇന്ത്യയിലെ യു പി ഐ ഇടപാടുകളിൽ ഗണ്യമായ വർദ്ധനയാണുണ്ടായത്. ഈ വർഷം മാർച്ചിൽ 24 ലക്ഷം കോടി രൂപയുടെ 1,800 ഇടപാടുകളാണ് നടന്നതെന്നും ശ്രീമതി നിർമ്മല സീതാരാമൻ അറിയിച്ചു. 58-ാമത് എഡിബി വാർഷിക യോഗത്തിൽ പങ്കെടുക്കാനാണ് കേന്ദ്ര ധനമന്ത്രി ഇറ്റലിയിൽ എത്തിയത്.

*******************************

## GADKARI–TELANGANA ….INTRO

തെലങ്കാനയിലെ 6,100 കോടി രൂപയുടെ വിവിധ ദേശീയപാത വികസന പദ്ധതികൾക്ക് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി തറക്കല്ലിട്ടു. വരും വർഷങ്ങളിൽ തെലങ്കാനയുടെ റോഡ് ശൃംഖല ശക്തിപ്പെടുത്തുമെന്നും ഹൈദരാബാദിൽ നടന്ന പൊതു സമ്മേളനത്തിൽ അദ്ദേഹം ഉറപ്പ് നൽകി. 10,000 കോടി രൂപയുടെ

ഹൈദരാബാദ് - വിജയവാഡ ദേശീയപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നും ശ്രീ നിതിൻ ഗഡ്കരി അറിയിച്ചു.

(വോയിസ്)

തെലങ്കാനയ്ക്കും ആന്ധ്രാപ്രദേശിനുമിടയിൽ കൃഷ്ണ നദിക്ക് മുകളിലൂടെ ചില്ലുപാലം നിർമിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. രാജ്യപുരോഗതിയിൽ തെലങ്കാന വഹിക്കുന്ന പങ്കിനെ കുറിച്ച് പരാമർശിച്ച ശ്രീ നിതിൻ ഗഡ്കരി, അടുത്ത മൂന്ന് വർഷത്തിൽ രണ്ട് ലക്ഷം കോടി രൂപയുടെ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പാക്കാൻ ലക്ഷ്യമിടുന്നതെന്നും അറിയിച്ചു.

******************************

## JITENDRA SINGH-ANRF

ശാസ്ത്ര-എഞ്ചിനീയറിംഗ് മോഡലുകൾ ഉൾക്കൊള്ളുന്ന അടിസ്ഥാന AI ആർക്കിടെക്ചറായ തദ്ദേശീയ ഇന്ത്യ AI ഓപ്പൺ സ്റ്റാക്ക് നിർമ്മിക്കുകയെന്നത് സുപ്രധാനമാണെന്ന് കേന്ദ്ര ശാസ്ത്ര സാങ്കേതിക സഹമന്ത്രി ജിതേന്ദ്ര സിംഗ്. ന്യൂഡൽഹിയിൽ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ സമഗ്ര അവലോകന യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. മെഡിക്കൽ ഗവേഷണ പാർക്കുകൾ സ്ഥാപിക്കുന്നതിനായി മെഡിക്കൽ കോളേജുകളെ സഹായിക്കുന്നതിനുള്ള സാധ്യതകൾ ആരായാൻ മന്ത്രി അനുസന്ധാൻ നാഷണൽ റിസർച്ച് ഫൗണ്ടേഷനോട് നിർദ്ദേശിച്ചു.

******************************

## BIHAR KHELO INDIA

ബീഹാറിലെ ഗയയിൽ നടക്കുന്ന ഖേലോ ഇന്ത്യ, യൂത്ത് ഗെയിംസിൽ കർണാടക ഒമ്പത് മെഡലുകളുമായി മെഡൽ പട്ടികയിൽ ഒന്നാം സ്ഥാനത്ത് തുടരുന്നു. നാല് സ്വർണ്ണവും അഞ്ച് വെള്ളിയും ഉൾപ്പെടെ നേടിയാണ് കർണാടകയുടെ ആധിപത്യം. രണ്ട് സ്വർണ്ണമുൾപ്പെടെ ആറ് മെഡലുകളുമായി ഡൽഹി രണ്ടാം സ്ഥാനത്തും രണ്ട് സ്വർണ്ണമുൾപ്പെടെ മൂന്ന് മെഡലുകളുമായി രാജസ്ഥാൻ മൂന്നാം സ്ഥാനത്തും ആണ്.

***************************************************************************